## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1765 21.01.2014-ൽ മറുപടിയ്ക്ക്

## അച്ചടി വകുപ്പിൽ ജീവനക്കാരുടെ അലവൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ശിവൻകുട്ടി** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടി വകുപ്പിൽ 2013-ലെ ഓണക്കാലത്ത് ലഭിക്കേണ്ടിയിരുന്ന പെർഫോർമൻസ് അലവൻസ് / ബോണസ് / ഫെസ്റ്റിവൽ അലവൻസ് ചില ജീവനക്കാർക്ക് ലഭിക്കാത്തതിനു കാരണമെന്താണെന്നു വ്യക്തമാക്കുമോ ; | (എ) 2011-12 സാമ്പത്തിക വർഷത്തിൽ അച്ചടി വകുപ്പിലെ ജീവനക്കാർക്ക് അനുവദിച്ച ബോണസ് സെറ്റിൽ മെന്റിന്റെ 10% (പെർഫോർമൻസ് അലവൻസ് + എക്സ്ഗ്രേഷ്യ) കൂടുതൽ എന്ന നിരക്കിലാണ് പെർഫോർമൻസ് അലവൻസ് അനുവദിച്ചത്. അപ്രകാരം 2012-13 വർഷത്തെ പെർഫോർമൻസ് അലവൻസ് കണക്കാക്കുമ്പോൾ<br>1). 2012-13 വർഷത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ചവർ<br>2). 2011-12 കാലയളവിൽ വേതനവൃദ്ധി തടഞ്ഞത് മൂലമോ സസ്പെൻഷൻ കൊണ്ടോ പെർഫോർമൻസ് അലവൻസ് ലഭിക്കാതിരുന്ന ജീവനക്കാർ<br>3). 2011-12 സാമ്പത്തിക വർഷത്തിൽ 12 മാസത്തിൽ താഴെ ജോലി ചെയ്തുകൊണ്ട് ഭാഗികമായി മാത്രം പെർഫോർമൻസ് അലവൻസ് ലഭിച്ചവർ<br>4). 2011-12 വർഷത്തിൽ സർവ്വീസിലുണ്ടായിരുന്നവരും 2012-13 വർഷത്തിൽ 12 മാസത്തിൽ താഴെ ജോലി ചെയ്ത് പെൻഷൻ പറ്റിയവർ<br>5). 2011-12 വർഷത്തിൽ ഡെപ്യൂട്ടേഷൻ ജോലിയിലോ ശൂന്യവേതനാ |

| | | |
|---|---|---|
| | | വധിയിലോ ആയിരുന്നതും 2012-13 വർഷം തിരികെ ജോലിയിൽ പ്രവേശിച്ചവരുമായ ജീവനക്കാർ എന്നിവർക്ക് പെർഫോർമൻസ് അലവൻസ് കണക്കാക്കുന്നതിൽ അവ്യക്തതയുള്ളതിനാലാണ് അത്തരം ജീവനക്കാർക്ക് പെർഫോർമൻസ് അലവൻസ് ലഭിക്കാത്തതിനു കാരണം. |
| (ബി) | പ്രസ്തുത അലവൻസ് ഇതുവരെ ലഭിക്കാത്ത ജീവനക്കാർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | (ബി) 17.01.2014-ലെ സ.ഉ.(സാധാ) നം.96/14/ഉ.വി.വ. ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാർക്ക് പെർഫോർമൻസ് അലവൻസും എക്സ്ഗ്രേഷ്യ അലവൻസും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ